# ഹജ്ജ്, ഉംറ അനുഷ്ഠാനസഹായി

ഹജ്ജ് പോലെ ജീവിതത്തിൽ ഒരുതവണ നിർബന്ധമുള്ള പുണ്യ കർമ്മമാണ് ഉംറ. രണ്ടോ മൂന്നോ മണിക്കൂർ കൊണ്ട് നിർവഹിക്കാ വുന്ന പുണ്യകർമ്മമാണത്.

ജീവിതത്തിൽ ഒരുതവണ നിർബന്ധമായ ഉംറ പലതവണ ആവർത്തിക്കൽ ശക്തിയായ സുന്നത്തുണ്ട്. ഒരു യാത്രയിൽ തന്നെ നിരവധി തവണ ഉംറ ചെയ്യാൻ സമയ സൗകര്യം ലഭിക്കുന്നതാണ്.

വിശുദ്ധ ഖുർആനിലും നബി വചനങ്ങളിലും ഉംറയുടെ മഹത്വം കൂടുതലായി വിവരിച്ചിട്ടുണ്ട്. ഹജ്ജിനെക്കുറിച്ച് പറയുന്ന പല പ്രസ്താവങ്ങളിലും ഉംറയെക്കുറിച്ചുള്ള വിവരങ്ങളും അടങ്ങിയിട്ടുണ്ട്. അല്ലാഹു പറയുന്നു: “അല്ലാഹു തആലാക്കു വേണ്ടി നിങ്ങൾ ഹജ്ജും ഉംറയും പൂർത്തീ കരിക്കുവീൻ”. നബി (സ്വ) പറയുന്നു: “ഒരു ഉംറ മറ്റൊരു ഉംറ വരെയുള്ള പാപങ്ങൾക്ക് പ്രായശ്ചിത്തമാണ്”.

റമള്വാൻ ശരീഫിൽ ഉംറ നിർവഹിക്കുന്നതിന് കൂടുതൽ പുണ്യമുള്ളതായി ഹദീസിൽ വന്നിരിക്കുന്നു. “റമള്വാനിലെ ഒരു ഉംറ ഹജ്ജ് കർമ്മത്തോട് തുല്യമായതാണ്”. വളരെ മഹത്വമേറിയ ഉംറ നിരവധി തവണ ചെയ്യാൻ പരിശ്രമിക്കേണ്ടതാണ്. മഹാനായ ഇമാം ശാഫിഈ(റ) പറഞ്ഞു: “അനുകൂല സാഹചര്യമുള്ള ഓരോരുത്തരും എല്ലാ മാസത്തിലും രണ്ടോ മൂന്നോ തവണ ഉംറ ചെയ്യേണ്ടതാണ്. മാസത്തിൽ ഒരു ഉംറയെങ്കിലും അനിവാര്യമായും ചെയ്തിരിക്കണം” (ശറഹു ൽ ഈള്വാഹ്, പേജ് 421).

## യാത്ര

### യാത്രയുടെ സുന്നത്ത് നിസ്കാരം.

യാത്രക്കുവേണ്ടിയുള്ള സുന്നത്ത് രണ്ട് റക്അത് അല്ലാഹുവിനു വേണ്ടി ഞാൻ നിസ്കരിക്കുന്നു' എന്നാണ് നിയ്യത്ത്. ആദ്യറക്അത്തിൽ ഫാതിഹക്കു ശേഷം ക്രമപ്രകാരം സൂറഃ ഖുറൈശ്, സൂറഃ അൽ കാഫിറൂൻ, സൂറഃഅൽ ഫലഖ് എന്നീ മൂന്ന് സൂറത്തുകളും രണ്ടാം റക്അത്തിൽ ഫാതിഹാനന്തരം ക്രമത്തിൽ സൂറഃ ഇഖ്ലാസ്വ്, സൂറഃ നാസ് എന്നീ രണ്ട് സൂറത്തുകളും ഓതൽ സുന്നത്തുണ്ട്. സലാം വീട്ടിയ ശേഷം ആയത്തുൽ കുർസിയ്യും സൂറഃ ഖുറൈശും ഓതി ദുആ ചെയ്യണം.

### യാത്രപറയൽ

കുടുംബക്കാർ, അയൽവാസികൾ, സ്നേഹിതർ തുടങ്ങിയവരോട് യാത്ര പറയൽ സുന്നത്തുണ്ട്. കൈപിടിച്ച് യാത്ര പറയുമ്പോൾ ഈ പ്രാർഥന പരസ്പരം പറയണം.

اَسْتَوْدِعُ اللهَ دِينَكَ وَأَمَانَتَكَ وَخَوَاتِمَ عَمَلِكَ وَزَوَّدَكَ اللهُ التَّقْوَى وَغَفَرَ ذَنْبَكَ وَيَسَّرَ لَكَ الْخَيْرَ حَيْثُ كُنْتَ

വീട്ടിൽ നിന്ന് ഇടതുകാൽ വച്ച് പുറപ്പെടുകയും

بِسْمِ اللهِ تَوَكَّلْتُ عَلَى اللهِ لاَ حَوْلَ وَلاَ قُوَّةَ اِلاَّ بِاللهِ എന്ന ദിക്ർ ചൊല്ലുകയും വേണം.

ഈ ദിക്റ് എല്ലാ യാത്രക്കാർക്കും വളരെ ബലപ്പെട്ട സുന്നത്താണ് യാത്രക്കായി വീട്ടിൽ നിന്ന് പുറത്തിറങ്ങി നിന്നാൽ ‘കാഫിറൂൻ, നസ്റ്, ഇഖ്ലാസ്വ്, മുഅവ്വിദതൈനി, നാസ് എന്നീ അഞ്ച് സൂറത്തുകൾ ഓതുന്നത് നല്ലതാണ്.

വാഹനത്തിൽ വലതുകാൽ എടുത്തുവെച്ച് കയറിയിരുന്നശേഷം ഈ ദുആ ചെയ്യണം.

اَلْحَمْدُ لِلّٰهِ سُبْحَانَ الَّذِي سَخَّرَ لَنَا هَذَا وَمَا كُنَّا لَهُ مُقْرِنِينَ وَإنَّا اِلَى رَبِّنَا لَمُنْقَلِبُونَ ، اَلْحَمْدُ لِلّٰهِ (٣) اَللهُ اَكْبَرْ (٣) سُبْحَانَكَ اللَّهُمَّ اِنِّي ظَلَمْتُ نَفْسِي فَاغْفِرْلِي فَاِنَّهُ لاَ يَغْفِرُ الذُّنُوبَ اِلاَّ اَنْتَ . اَللَّهُمَّ اِنَّا نَسْأَلُكَ فِي سَفَرِنَا هَذَا الْبِرَّ وَالتَّقْوَى ، وَمِنَ الْعَمَلِ مَا تُحِبُّ وَتَرْضَى اَللَّهُمَّ هَوِّنْ عَلَيْنَا سَفَرَنَا وَاطْوِ عَنَّا بُعْدَهُ . اَللَّهُمَّ اَنْتَ الصَّاحِبُ فِي السَّفَرِ وَالْخَلِيفَةُ فِي الأَهْلِ وَالْمَالِ ، اَللَّهُمَّ اِنَّا نَعُوذُبِكَ مِنْ وَعْثَاءِ السَّفَرِ وَكَآبَةِ الْمُنْقَلَبِ وَسُوءِ الْمَنْظَرِ فِي الأَهْلِ وَالْمَالِ وَالْوَلَدِ

പുറപ്പെടുമ്പോൾ യാത്രയയക്കുന്നവർ ബാങ്കും ഇഖാമത്തും കൊടുക്കൽ സുന്നത്താണ്. യാത്രയിൽ ഉയരത്തിലെത്തുമ്പോൾ തക്ബീറും ഇറക്കത്തിലായാൽ തസ്ബീഹും വർധിപ്പിക്കൽ സുന്നത്താണ് പുണ്യമുള്ള ദുആ ഉൽകർബ് വർധിപ്പിക്കുക.

لاَ إلَهَ إلاَّ اللهُ الْعَظِيمُ الْحَلِيمُ. لاَ إلَهَ إلاَّ اللهُ رَبُّ الْعَرْشِ الْعَظِيمِ. لاَ اِلَهَ إلاَّ اللهُ رَبُّ السَّمَاوَاتِ وَرَبُّ الأَرْضِ وَرَبُّ الْعَرْشِ الْكَرِيمِ.

ഹജ്ജ് യാത്ര വേളയിൽ മാത്രമല്ല എല്ലാ യാത്രകളിലും നിസ്കാരം ജംഉം ഖസ്വ്റും ആക്കി നിർവഹിക്കാനുള്ള ആനുകൂല്യം ഇസ്ലാം നൽകിയിരിക്കുന്നു. കൃത്യനിഷ്ഠയോടെ നിസ്കരിക്കുന്ന പലരും യാത്ര സന്ദർഭങ്ങളിൽ നിസ്കാരം ഉപേക്ഷിക്കുകയും പിന്നീട് ഖളാഅ്വീട്ടുകയും ചെയ്യുന്ന സമ്പ്രദായം വളരെ കുറ്റകരമാകുന്നു. അനുവദിച്ച സമയത്തിൽ നിന്നും നിസ്കാരം പിന്തിക്കുന്നത് വൻകുറ്റമാണ്. ഖളാഅ്വീട്ടിയത് കൊണ്ട് മാത്രം കുറ്റം ഇല്ലാതാവുകയില്ല. ജംഉം ഖസ്വ് റും ആക്കുന്ന ആനുകൂല്യം പഠിച്ചു വെച്ചാൽ പലർക്കും നിസ്കാരം ഖളാഅ് ആക്കേണ്ടി വരില്ല.

**ജംഉം ഖസ്വ്റും**

ലക്ഷ്യസ്ഥാനവും രണ്ട് മർഹല (132 കി.മി.) ദൂരവുമുള്ള അനുവദനീ യമായ യാത്രയിൽ ഖസ്വ്റും ജംഉം ജാഇസാണ്. മൂന്ന് മർഹല (198 ?.) ദൂരമുണ്ടായാൽ ഖസ്വ്റാക്കൽ സുന്നത്ത് കൂടിയാണ്.

നാല് റക്അത്തുള്ള ളുഹ്ർ, അസ്വർ, ഇശാഅ് എന്നീ നിസ്കാരങ്ങൾ രണ്ട് റക്അത്താക്കി ചുരുക്കി നിസ്കരിക്കുന്നതിനാണ് ഖസ്വ്ർ എന്ന് പറയുന്നത്.

ളുഹ്റും അസ്വ്റും രണ്ടിലൊന്നിന്റെ സമയത്തും മഗ്രിബും ഇശാഉം രണ്ടിലൊന്നിന്റെ സമയത്തും നിസ്കരിക്കുന്നതിന് ജംഅ് എന്നും പറയുന്നു.

സ്വുബ്ഹി നിസ്കാരത്തിന് ജംഉം ഖസ്വ്റും, മഗ്രിബിന് ഖസ്വ്റും ബാധകമല്ല.

രണ്ട് നിസ്കാരവും കൂടി ആദ്യ നിസ്കാരത്തിന്റെ സമയത്ത് നിസ്കരിക്കുന്നതിന് ജംഉത്തഖ്ദീം (മുന്തിച്ച് ജംആക്കുക) എന്നും രണ്ടും കൂടി രണ്ടാമത്തേതിന്റെ സമയത്ത് നിസ്കരിക്കുന്നതിന് ജംഉത്തഅ്ഖീർ (പിന്തിച്ച് ജംആക്കുക) എന്നും പറയുന്നു.

**മുന്തിച്ച് ജംആക്കൽ സ്വഹീഹാകാൻ**

1. ആദ്യ നിസ്കാരം ആദ്യം നിസ്കരിക്കുക.
2. ആദ്യ നിസ്കാരം കഴിയും മുമ്പ് 'അടുത്ത നിസ്കാരവും കൂടി ഇതോടൊപ്പം ചേർത്ത് നിസ്കരിക്കുന്നു' എന്ന് കരുതുക.

3. ആദ്യ നിസ്കാരം കഴിഞ്ഞയുടൻ രണ്ടാമത്തേത് നിസ്കരിക്കുക. ഇടയിൽ കൂടുതൽ വിടവുണ്ടാകരുത്.

**പിന്തിച്ച് ജംആക്കൽ സ്വഹീഹാകാൻ**

1. ആദ്യനിസ്കാരത്തിന്റെ സമയം കഴിയുന്നതിന് മുമ്പ് നിസ്കരിക്കാനാവശ്യമായ സമയം ബാക്കിയുണ്ടായിരിക്കെ ജംആക്കി നിസ്കരിക്കുമെന്ന് കരുതുക.

ഖസ്വ്റും ജംഉം ഒന്നിച്ചും ഏതെങ്കിലും ഒന്ന് ഒഴിവാക്കി ഒന്നുമാത്രവും എടുക്കാവുന്നതുമാണ്. യാത്ര ആരംഭിക്കുന്ന പ്രദേശത്തിന്റെ അതിർത്തി കടന്നത് മുതൽ ഈ ആനുകൂല്യം തുടങ്ങുന്നു.

യാത്ര അവസാനിക്കും മുമ്പ് നിസ്കാരം പൂർത്തിയാവുകയും വേണം.

സ്വദേശത്ത് എത്തുകയോ ഒരു സ്ഥലത്ത് പൂർണമായി നാലു ദിവസം തങ്ങുകയോ നാലുദിവസം താമസിക്കുമെന്ന് കരുതുകയോ ചെയ്താൽ യാത്ര അവസാനിച്ചതായി ഗണിക്കപ്പെടുന്നതാണ് അതുപോലെ നാലുദിവസത്തിൽ താഴെ താമസിച്ചാൽ ആവശ്യം പൂർത്തിയാകുമെന്ന പ്രതീക്ഷയോടെ വന്ന് താമസം നീണ്ടു പോയാൽ 18 ദിവസം വരെ ഖസ്വ്റും ജംഉം അനുവദനീയമാണ്.

പൂർത്തിയാക്കി നിസ്കരിക്കുന്നവനോട് ഖസ്വ്റാക്കുന്നവന് തുടരാൻ പാടില്ല. നിസ്കാരത്തിന്റെ ആരംഭത്തിൽ തന്നെ ഖസ്വ്റാക്കുന്നുവെന്ന് നിയ്യത്തുണ്ടായിരിക്കൽ ശർത്വാണ്.

# ഉംറ

മീഖാത്തിൽ നിന്ന് ഇഹ്റാം ചെയ്ത് കഅ്ബാ ശരീഫിലെത്തി ത്വവാഫും ശേഷം സ്വഫാമർവക്കിടയിൽ സ്അ്യും പൂർത്തി യാക്കി മുടിയെടുത്താൽ ഉംറ അവസാനിച്ചു.

**മീഖാത് , ഇഹ്റാം**

വിശുദ്ധ കഅ്ബയിലേക്ക് ഹജ്ജോ ഉംറയോ ലക്ഷ്യം വെച്ച് കടന്നുവരുന്നവർക്ക് നിയ്യത്ത് ചെയ്യുന്നതിന് ചില നിശ്ചിത സ്ഥലങ്ങൾ നിർണയിക്കപ്പെട്ടിരിക്കുന്നു. പ്രസ്തുത അതിർത്തികൾക്ക് മീഖാത്തുകൾ എന്നും നിയ്യത്തിന് ഇഹ്റാം എന്നും പറയുന്നു.

ഹറമിന്റെ പുറത്തുനിന്ന് വരുന്നവരുടെ നിശ്ചിത മീഖാത്തുകൾ അഞ്ചാകുന്നു. ഹജ്ജോ ഉംറയോ ഉദ്ദേശിച്ച് മക്കയിലേക്ക് വരുന്നവർ യാതൊരു കാരണവശാലും ഇഹ്റാം കൂടാതെ മീഖാത്ത് വിട്ടുകടക്കാൻ പാടില്ല. ഉംറ മുമ്പ് ചെയ്തിട്ടുള്ളവർക്കും ഇത് ബാധകമാണ്. (ഉംദതുൽ അബ്റാർ പുറം 27)




1. ദുൽഹുലൈഫ (അബ്യാർ അലി): മദീനയിൽ നിന്നും അതിന്റെ വടക്ക് പ്രദേശങ്ങളിൽ നിന്നും വരുന്നവർക്കുള്ള മീഖാത്താണിത്
2. ജുഹ്ഫ: ഈജിപ്ത്, ശാം, മൊറോക്കോ എന്നീ രാജ്യങ്ങളിൽ നിന്ന് എത്തുന്നവരുടെ മീഖാത്താണിത്.
3. ഖർനുൽ മനാസിൽ: നജ്ദുകാരുടെയും അതു വഴി കടന്നുവരുന്നവരുടെയും മീഖാത്താണിത്. റിയാദ് ഭാഗത്തു നിന്ന് വരുന്ന വാഹനങ്ങൾ ഈ മീഖാത്ത് വഴിയാണ് കടന്നു പോവുക

4. ദാത്തു ഇർഖ്: ഇറാഖ്, ബസറ, കൂഫ, മുതലായ രാജ്യക്കാരുടെ മീഖാത്താണിത്.

5. യലംലം: യമൻ, തിഹാമ രാജ്യക്കാരും ഏഡൻ വഴി വരുന്നവരും ഇഹ്റാം ചെയ്യേണ്ട മീഖാത്താണിത്.

ഇന്ത്യയിൽ നിന്നും കപ്പൽ വഴി പോകുമ്പോഴും വിമാന മാർഗ്ഗം പോകുമ്പോഴും ഈ മീഖാത്താണ് ലഭിക്കുക..

മുൻ വിവരിച്ച അഞ്ചിൽ ഒരു മീഖാത്തിൽക്കൂടി കടന്നു വരുന്ന ഏതു നാട്ടുകാരും ആ മീഖാത്തിൽ വെച്ച് ഇഹ്റാം ചെയ്യണം. ഏതു നാട്ടുകാർ എന്നതല്ല ഏതു മീഖാത്തിലൂടെ മക്കയിൽ പ്രവേശിക്കുന്നു എന്നതാണ് പരിഗണിക്കേണ്ടത്. വഴിയിൽ മീഖാത്തില്ലാത്തവർ വലത്തോ ഇടത്തോ വരുന്ന മീഖാത്തിനോട് നേരിടുമ്പോഴാണ് ഇഹ്റാം ചെയ്യേണ്ടത്. ഹജ്ജോ ഉംറയോ ഉദ്ദേശിച്ച് മക്കയിലേക്ക് വരുന്നവർ മീഖാത്ത് വിടുന്നതിന് മുമ്പ് ഇഹ്റാം ചെയ്യൽ നിർബന്ധമാണ്. ഇഹ്റാം ചെയ്യാതെ മീഖാത്ത് വിട്ടു കടന്നാൽ കുറ്റക്കാരനാകുന്നതും മീഖാത്തിലേക്ക് തന്നെ മടങ്ങേണ്ടതുമാണ്. മടങ്ങാൻ സാധിച്ചില്ലെങ്കിൽ ഫിദ്യ നിർബന്ധമാകും. മീഖാത്തിൽ എത്തുന്നതിന് മുമ്പ് ഇഹ്റാമിൽ പ്രവേശിക്കുന്നതിന് വിരോധമില്ല. കച്ചവടം, ജോലി, സന്ദർശനം മുതലായ ആവശ്യങ്ങൾക്കാണ് മക്കയിലേക്ക് യാത്രയെങ്കിൽ ഇഹ്റാം നിർബന്ധമില്ല. എങ്കിലും അവരും ഉംറക്ക് ഇഹ്റാം ചെയ്ത് ഉംറ ചെയ്യൽ സുന്നത്തുണ്ട്.

മീഖാത്തിനും മക്കക്കും ഇടയിൽ വസിക്കുന്നവർ ഇഹ്റാം ചെയ്യേണ്ടത് അവരവരുടെ പ്രദേശത്തു നിന്നു തന്നെയാണ്. പ്രസ്തുത സ്ഥലങ്ങളിൽ ജോലി ചെയ്തു താമസിക്കുന്നവരും അപ്രകാരം തന്നെയാണ് ചെയ്യേണ്ടത്. മക്കയിൽ താമസിക്കുന്നവർക്ക് ഉംറ ചെയ്യാൻ ഹറം അതിർത്തിയുടെ പുറത്തുപോയി ഇഹ്റാം ചെയ്യണം.

## ഹറമിന്റെ അതിരുകൾ

പടിഞ്ഞാറു ഭാഗത്ത്: ഹുദൈബിയ (ശുമൈസി എന്നും ഈ സ്ഥലത്തിന് പേരുണ്ട്).

കിഴക്ക്: വാദിനമിറ.

തെക്ക്: ഏഴ് മൈൽ ദൂരെ.

വടക്ക്: ജാദത്ത്.

വടക്കു പടിഞ്ഞാറ്: തൻഈം.

മേൽപ്പറഞ്ഞ അതിരുകൾക്ക് പുറത്ത് എവിടെ വെച്ചും ഉംറക്ക് ഇഹ്റാം ചെയ്യാവുന്നതാണ്. ജിഅ്റാനത്ത് എന്ന സ്ഥലത്ത് പോയാണ് നബി(സ്വ) ഉംറക്ക് ഇഹ്റാം ചെയ്തത്. അതിനാൽ ഏറ്റവും നല്ലത് അവിടെ വെച്ച് ഇഹ്റാം ചെയ്യുന്നതാണ്.

രണ്ടാം സ്ഥാനം തൻഈമിനാണ്. ആഇശബീവി(റ) ഇവിടെ പോയാണ് ഉംറക്ക് ഇഹ്റാം ചെയ്തത്. ഹറമിന് പുറത്തുള്ള മറ്റെല്ലാ സ്ഥലവും പ്രതിഫലത്തിൽ സമമാണ്. എന്നാൽ ഹറം അതിരുകളിൽ ഏറ്റവും ദൂരം കുറഞ്ഞ തൻഈം പ്രദേശത്തേക്കാണ് അധികമാളുകളും ഉംറക്ക് ഇഹ്റാം ചെയ്യാനുദ്ദേശിച്ച് പോകാറുള്ളത്. അവിടെ മസ്ജിദ് ആഇശ എന്ന പേരിൽ വിശാലമായ പള്ളിയും കുളിക്കാനും മറ്റുമുള്ള സൗകര്യങ്ങളുമുണ്ട്.

## ഇഹ്റാമിന്റെ സുന്നത്തുകൾ

1 കക്ഷരോമവും ഗുഹ്യരോമവും നീക്കം ചെയ്യുക. നഖം മുറിക്കുക, മീശവെട്ടുക മുതലായവ ചെയ്തു ശരീരം വൃത്തിയാക്കുക

2 ഇഹ്റാമിനെ കരുതി കുളിക്കുക.

ഋതുരക്തമോ പ്രസവരക്തമോ ഉള്ളവർ ക്കും ഈ കുളി സുന്നത്തുണ്ട്.

3 കുളികഴിഞ്ഞ് ശരീരത്തിൽ മാത്രം സുഗന്ധം ഉപയോഗിക്കുക.

4 ഇഹ്റാമിന്റെ വസ്ത്രം ധരിക്കുക.

5 ഇഹ്റാമിന്റെ രണ്ട് റക്അത് സുന്നത്ത് നിസ്കരിക്കുക.

ഇഹ്റാമിന്റെ സുന്നത്ത് നിസ്കാരം രണ്ട് റക്അത് അല്ലാഹുതആലാക്ക് വേണ്ടി ഞാൻ നിസ്കരിക്കുന്നു എന്നാണ് കരുതേണ്ടത്. ആദ്യ റക്അതിൽ ഫാതിഹക്കു ശേഷം കാഫിറൂനയും രണ്ടാംറക്അതിൽ ഇഖ്ലാസ്വും ഓതൽ സുന്നത്താണ്.

6 നടക്കുമ്പോൾ ചെരിപ്പുകൾ ധരിക്കുക.

മടമ്പുകളും കാൽവിരലുകളും മറക്കുന്ന ഷൂ പുരുഷന്മാർക്ക് ധരിക്കാൻ പാടില്ല.

7 നിസ്കാര ശേഷം വാഹനത്തിൽ കയറി യാത്ര തുടങ്ങിയാൽ നിയ്യത്തും തൽബിയത്തും നിർവഹിക്കേതാണ്.

നിയ്യത്ത് മനസ്സിൽ കരുതൽ നിർബന്ധവും നാവുകൊണ്ട് പറയൽ സുന്നത്തുമാണ്

"ഞാൻ ഉംറ ചെയ്യാൻ കരുതി' എന്ന ഭാഗം മാത്രമാണ് നിയ്യത്ത്. ശേഷമുള്ള തൽബിയത്ത് നിയ്യ ത്തിന്റെ കൂടെ ശബ്ദ മുയർത്താതെ ചൊല്ലൽ സുന്നത്താണ്. നിർബന്ധമാണെന്നും അഭിപ്രായമുണ്ട്.



نَوَيْتُ الْعُمْرَةَ وَاَحْرَمْتُ بِهَا لِلّٰهِ تَعَالَى ، لَبَّيْكَ اللَّهُمَّ بِعُمْرَةٍ لَبَّيْكَ ، لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ ، اِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكَ ، لاَ شَرِيكَ لَكَ،

ഇഹ്റാമിൽ പ്രവേശിച്ചത് മുതൽ തൽബിയത് സുന്നത്താണ്. ഉംറക്ക് ഇഹ്റാം ചെയ്താൽ ഉംറയുടെ ത്വവാഫ് ആരംഭിക്കുന്നത് വരെയാണ് തൽബിയ തിന്റെ സമയം

لَبَّيْكَ اللَّهُمَّ لَبَّيْكَ ، لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ ، اِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكَ ، لاَ شَرِيكَ لَكَ

ശേഷം നബി(സ്വ)യുടെയും കുടുംബത്തിന്റെയും പേരിൽ സ്വലാത്തും സലാമും ചൊല്ലണം. അല്ലാഹുവിന്റെ പ്രീതിയും സ്വർഗവും ചോദിക്കുകയും നരക ശിക്ഷയിൽ നിന്നു അഭയം തേടുകയും സ്വശരീരത്തിനും ഇഷ്ട ജനങ്ങൾക്കും വേണ്ടി ദുആ ഇരക്കു കയും വേണം

اَللَّهُمَّ صَلِّ عَلَى سَيِّدِنَا مُحَمَّدٍ وَعَلَى آلِ سَيِّدِنَا مُحَمَّدٍ كَمَا صَلَّيْتَ عَلَى اِبْرَاهِيمَ وَعَلَى آلِ اِبْرَاهِيمَ وَبَارِكْ عَلَى سَيِّدِنَا مُحَمَّدٍ وَعَلَى آلِ سَيِّدِنَا مُحَمَّدٍ كَمَا بَارَكْتَ عَلَى اِبْرَاهِيمَ وَعَلَى آلِ اِبْرَاهِيمَ فِي الْعَالَمِينَ اِنَّكَ حَمِيدٌ مَجِيدٌ ، وَالسَّلَامَ عَلَيْكَ أَيُّهَا النَّبِيُّ وَرَحْمَةُ اللهِ وَبَرَكَاتُهُ تَعَالَى ، اَللَّهُمَّ اِنِّي اَسْأَلُكَ رِضَاكَ وَالْجَنَّةَ وَأَعُوذُ بِكَ مِنْ سَخَطِكَ وَالنَّارِ،

## ഇഹ്റാം: നിഷിദ്ധമായ കാര്യങ്ങൾ

1. സാധാരണ രീതിയിലുള്ള വസ്ത്ര ധാരണം.

പുരുഷന്മാർ തലമറക്കലും ചുറ്റിത്തുന്നപ്പെട്ടവസ്ത്രങ്ങൾ ധരിക്കലും പാടില്ല. ധരിച്ച വസ്ത്രങ്ങളുടെ തലതമ്മിൽ കൂട്ടിക്കെട്ടൽ, കുടുക്ക്, മുട്ടുസൂചി, പിന്ന് ഇവകൊണ്ട് ബന്ധിപ്പിക്കൽ മുതലായത് വിരോധമാണ്. തുണിയുടെ മുകളിൽ ചരട്, അരപ്പട്ട എന്നിവ കെട്ടാം.

2. സുഗന്ധം ഉപയോഗിക്കൽ.

ഇഹ്റാം ചെയ്ത സ്ത്രീ പുരുഷന്മാർ സുഗന്ധമുപയോഗിക്കൽ നിഷിദ്ധമാണ്

3. എണ്ണ ഉപയോഗിക്കൽ.

തലമുടിയിലും താടിമുടിയിലും സുഗന്ധ മുള്ളതും ഇല്ലാത്തതുമായ ഒരെണ്ണയും ഉപയോഗിക്കാൻ പാടില്ല

4. ശരീരത്തിലെ മുടിയോ നഖമോ നീക്കൽ.

തലയിലോ ശരീരഭാഗങ്ങളിലോ ഉള്ള മുടിയോ നഖമോ അവയുടെ അൽപ്പഭാഗമോ വടിക്കുക, മുറിക്കുക, പറിക്കുക, കരിക്കുക പോലെയുള്ള ഏതെങ്കിലും മാർഗത്തിൽ അറിഞ്ഞോ അറിയാതെയോ നീക്കം ചെയ്യൽ ഹറാമാണ്.

5. വിവാഹബന്ധം നടത്തൽ.

ഇഹ്റാമിന്റെ സന്ദർഭത്തിൽ വിവാഹം ചെയ്യുകയോ ചെയ്തുകൊടുക്കുകയോ വിവാഹിതയാവുകയോ പാടില്ല.

6. സംയോഗവും മറ്റുശൃംഗാരങ്ങളും.

ഗുഹ്യസ്ഥാനങ്ങളിൽ വേഴ്ച നടത്തുന്നത് ഇഹ്റാം ചെയ്തവർക്ക് ഹറാമാണ്. വേഴ്ചകൊണ്ട് ഹജ്ജും ഉംറയും നഷ്ടപ്പെടുന്നതാണ്. സംയോഗം മൂലം ഹജ്ജോ ഉംറയോ ബാത്വിലാകാൻ ഇട വന്നാൽ തുടർന്നു ബാക്കിയുള്ള കർമ്മങ്ങൾ പൂർത്തിയാക്കേണ്ടതും ബാത്വിലായതിനു പകരം ഉടൻ തന്നെ ഖള്വാഅ് വീട്ടേണ്ടതുമാണ്. മാത്രമല്ല അറിവോടു കൂടി മനഃപൂർവ്വം ചെയ്തവന് നഷ്ടപരിഹാരം(കഫ്ഫാറത്ത്) നിർബന്ധമാണ്. ആഗ്രഹത്തോടെ സ്ത്രീകളെ ചുംബിക്കലും അണച്ചുകൂട്ടലും ഹറാമാണ്.

7. വേട്ടമൃഗങ്ങളെ നശിപ്പിക്കൽ

കരയിലുള്ള ഭക്ഷ്യയോഗ്യമായ വേട്ട ജീവികളെ നശിപ്പിക്കലും അതിനു സഹായകമായി വർത്തിക്കലും ഇഹ്റാ മിൽ നിഷിദ്ധമാണ്.

## മക്കയിലേക്ക്

### മക്കയിൽ പ്രവേശിക്കുമ്പോഴുള്ള ദുആ

اَللَّهُمَّ إِنَّ هَذَا الْحَرَم حَرَمُكَ وَالْبَلَدَ بَلَدُكَ، وَالْأَمْنَ أَمْنُكَ وَالْعَبْدَ عَبْدُكَ، جِئْتُكَ مِنْ بِلَادٍ بَعِيدَةٍ بِذُنُوبٍ كَثِيرَةٍ، وَأَعْمَالٍ سَيِّئَةٍ، اَسْأَلُكَ مَسْأَلَةَ الْمُضْطَرِّينَ إِلَيْكَ، اَلْمُشْفِقِينَ مِنْ عَذَابِكَ اَنْ تَسْتَقْبِلَنِي بِمَحْضِ عَفْوِكَ وَاَن تُدْخِلَنِي فَسِيحَ جَنَّتِكَ ، جَنَّةِ النَّعِيمِ. اَللَّهُمَّ اِنَّ هَذَا حَرَمُكَ وَحَرَمُ رَسُولِكَ، فَحَرِّمْ لَحْمِي وَدَمِي وَعَظْمِي عَلَى النَّارِ. اَللَّهُمَّ آمِنِّي مِنْ عَذَابِكَ يَوْمَ تَبْعَثُ عِبَادَكَ، اَسْأَلُكَ بِأَنَّكَ اَنْتَ اللهُ لاَ اِلَهَ اِلاَّ اَنْتَ الرَّحْمنُ الرَّحِيمُ، آيِبُونَ تَائِبُونَ لِرَبِّنَا حَامِدُونَ. اَلْحَمْدُ لِلهِ الَّذِى اَقْدَمَنِيهَا سَالِمًا مُعَافًا اَللَّهُمَّ اَنْتَ رَبِّي وَاَنَا عَبْدُكَ وَالْبَلَدُ بَلَدُكَ وَالْحَرَمُ حَرَمُكَ وَالأَمْنُ أَمْنُكَ جِئْتُ هَارِبًا وَعَنِ الذُّنُوبِ

مُقْلِعًا وَلِفَضْلِكَ رَاجِيًا وَلِرَحْمَتِكَ طَالِبًا وَلِفَرَائِضِكَ مُؤَدِّيًا وَلِرِضَاكَ مُبْتَغِيًا وَلِعَفْوِكَ سَائِلاً فَلاَ تَرُدَّنِّي خَائِبًا وَاَدْخِلْنِي فِي رَحْمَتِكَ الْوَاسِعَةِ وَاَعِذْنِي مِنَ الشَّيْطَانِ وَجُنْدِهِ وَشَرِّ اَوْلِيَائِهِ وَحِزْبِهِ اَنْ تُصَلِّي وَتُسَلِّمَ عَلَى سَيِّدِنَا مُحَمَّدٍ وَعَلَى آلِهِ وَصَحْبِهِ تَسْلِيمًا كَثِيرًا اَبَدًا.

മക്കയിൽ പ്രവേശിക്കുന്നതിനു മുമ്പ് കുളിക്കൽ ബലമായ സുന്നത്തുണ്ട്.

## മസ്ജിദുൽ ഹറാം

കഅ്ബാലയത്തിന് ചുറ്റുമുള്ള മതാഫും അതിനെ വലയം ചെയ്തു നിൽക്കുന്ന പള്ളിയുമാണ് മസ്ജിദുൽ ഹറാം. പ്രതി ഫലത്തിൽ ഏറ്റം കൂടുതൽ ലഭിക്കുന്നതും ലോകത്താദ്യമായി പണിതതുമായ പള്ളി. കഅ്ബയുടെ തെക്കുകിഴക്ക് മൂലയിലായി ഹജറുൽ അസ്വദ് സ്ഥിതി ചെയ്യുന്നത് കാരണം റുകുനുൽഅസ്വദ് എന്ന് ഈ മൂലക്ക് പേര് പറയുന്നു. വടക്ക് കിഴക്ക് മൂലക്ക് റുകുനുൽ ഇറാഖി എന്നും വടക്ക് പടിഞ്ഞാറ് മൂലക്ക് റുകുനുശ്ശാമി എന്നും തെക്ക് പടിഞ്ഞാറ് മൂലക്ക് റുകുനിൽ യമാനി എന്നും പറയപ്പെടുന്നു.

<u>മുൽതസം</u>

ദുആക്ക് വളരെയേറെ ഉത്തരം ലഭിക്കുമെന്നുറപ്പുള്ള സ്ഥാനമാണ് മുൽതസം. അഥവാ ഹജറുൽ അസ്വദിന്റെയും കഅ്ബാലയ കവാടത്തിന്റെയും ഇടക്കുള്ളസ്ഥലം. അവിടെ ഭക്തവിശ്വാസികൾ കരച്ചിലും പറച്ചിലുമായി തങ്ങിക്കൂടുന്ന തിനാലാണ് മുൽതസം എന്ന പേര് സിദ്ധിച്ചത്. ഇത് ഏറ്റവും ശ്രേഷ്ഠമായ സ്ഥലമാണ്.



<u>ഹജറുൽ അസ്വദ്</u>

സ്വർഗത്തിൽ നിന്ന് ഇറക്കപ്പെട്ടതും നിരവധി മഹ ത്വങ്ങൾ നിറഞ്ഞതുമാണ് ഹജറുൽ അസ്വദ്. നബി (സ്വ) പറഞ്ഞു: 'പാലിനെക്കാൾ വെളുത്ത നിറത്തിലായിരുന്നു ഹജറുൽഅസ്വദ് സ്വർഗത്തിൽ നിന്ന് ഇറക്കപ്പെട്ടത്. മനുഷ്യ പാപങ്ങൾ അതിനെ കറുപ്പിച്ചുകളഞ്ഞു.' (തിർമുദി, ഇബ്നു ഖുസൈമ) കഅ്ബയിൽ നിന്ന് മുഖം വെച്ച് ചുംബിക്കൽ സുന്നത്തുള്ളത് ഹജറുൽഅസ്വദ് മാത്രമാണ്. ഹജറുൽഅസ്വദിനെ ചുംബിക്കുന്നവർക്ക് അത് അല്ലാഹുവിങ്കൽ ശിപാർശ ചെയ്യുമെന്നും അതിനെ അപമാനിക്കുന്നവർക്ക് കേടായി അത് സാക്ഷ്യം വഹിക്കുമെന്നും ഹദീസിൽ വന്നിരിക്കുന്നു. എന്നാൽ മറ്റുള്ളവരെ ഏതെങ്കിലും വിധത്തിൽ ഉപദ്രവിച്ചു കൊണ്ട് ചുംബിക്കാൻ തിക്കിത്തിരക്കുന്നത് ശരിയല്ല.



<u>മഖാമു ഇബ്രാഹിം</u> മക്കയിൽ വ്യക്തമായ പല ദൃഷ്ടാന്തങ്ങളുമുണ്ട്. അവയിൽ പ്രധാനപ്പെട്ട ഒന്നാണ് മഖാമു ഇബ്രാഹിം എന്ന് ഖുർആൻ (3/97) പറഞ്ഞിരിക്കുന്നു. കഅ്ബ പണിയുമ്പോൾ കല്ലുകൾ ഉയരത്തിൽ പടുക്കാൻ വേണ്ടി ബഹുമാനപ്പെട്ട ഇബ്രാഹിം (അ) കയറിനിന്ന ഒരു കല്ലാണിത്. അത് ആവശ്യമനുസരിച്ച് ഉയരുകയും താഴുകയും ചെയ്തിരുന്നു. ഇബ്രാഹിം നബി(അ)യുടെ ഇരുപാദങ്ങളുടെയും അടയാളം വ്യക്തമായി അതിന്മേൽ പതിഞ്ഞിരുന്നു. ത്വവാഫിന്റെ ശേഷമുള്ള സുന്നത്ത് നിസ്കാരം ത്വവാഫു ചെയ്യുന്നവർക്ക് വിഷമം സൃഷ്ടിക്കാതെ അതിന്റെ പിന്നിൽ നിന്ന് നിസ്കരിക്കലാണ് സുന്നത്ത്. 'മഖാമു ഇബ്രാഹിമിനെ നിങ്ങൾ നിസ്കാരസ്ഥാനമാക്കുക' എന്ന് ഖുർആൻ (2/125) പറഞ്ഞിരിക്കുന്നു.

### മത്വാഫ്




കഅ്ബാശരീഫിന്റെ ചുറ്റുമുള്ള മസ്ജിദുല്‍ ഹറാമില്‍ നിന്ന് മേല്‍പ്പുരയില്ലാത്ത സ്ഥലത്തിന് സാധാരണയായി മത്വാഫ് (ത്വവാഫ് ചെയ്യുന്ന സ്ഥലം) എന്ന് പറഞ്ഞുവരുന്നു.

അത്യുഷ്ണ സമയത്ത് പോലും ചൂടാകാത്ത മേത്തരം മാര്‍ബിള്‍ പതിച്ചിരിക്കുന്ന ഈ സ്ഥലത്ത് കൂടി സദാസമയവും ത്വവാഫ് നടക്കുന്നു. ജമാഅത്ത് നിസ്കാരം നടക്കുമ്പോള്‍ മാത്രമാണ് ത്വവാഫ് നിലക്കുന്നത്.

### ഹിജ്റ് ഇസ്മാഈല്‍



കഅ്ബയുടെ വട ക്കു ഭാഗത്ത് അര്‍ധവൃത്താകൃതിയിലുള്ള ഭിത്തിയായി വളച്ചു കെട്ടിയ സ്ഥലമാണ് ഹിജ്റ് ഇസ്മാഈല്‍ എന്ന പേരിലറിയപ്പെടുന്നത്. ഫര്‍ള് നിസ്കാരത്തിന്റെ ജമാഅത്ത് സന്ദര്‍ഭങ്ങളിലൊഴികെ ഇതിനകത്തു വെച്ച് നിസ്കരിക്കാന്‍ സൗകര്യം ലഭിക്കും ത്വവാഫ് ചെയ്യുമ്പോള്‍ ഹിജ്റ് ഇസ്മാഈല്‍ എന്ന ഭിത്തിക്ക് പുറത്താവല്‍ നിര്‍ബന്ധമാണ്. ഖുറൈശികള്‍ കഅ്ബാലയം പുതുക്കിപ്പണിതപ്പോള്‍ മുഴുവന്‍ പൂര്‍ത്തിയാക്കാന്‍ സാമ്പത്തികനില അനുവദിക്കാത്തതിനാല്‍ ബാക്കി വെച്ച ഭാഗമാണ് ഹിജര്‍ ഇസ്മാഈലില്‍ അവശേഷിക്കുന്നത്.

### മീസാബ് (സ്വര്‍ണപ്പാത്തി)



കഅ്ബാ ശരീഫിന് മുകളില്‍ കഴുകുമ്പോഴും മഴവര്‍ഷിക്കുമ്പോഴും വരുന്ന വെള്ളത്തിന് ഒഴിഞ്ഞുപോകാനുള്ള പാത്തിയാണിത്. അതിന് ചുവട്ടിലും പ്രാര്‍ഥനക്ക് ഉത്തരം ലഭിക്കുമെന്ന് മഹാന്മാര്‍ രേഖപ്പെടുത്തിയിട്ടുണ്ട്.

### മസ്ജില്‍ ഹറാമില്‍ പ്രവേശിക്കല്‍

കഅ്ബാശരീഫിന്റെ ചുറ്റുമുള്ള പള്ളിയാണ് മസ്ജിദുല്‍ ഹറാം. മത്വാഫും അതിലുള്‍പ്പെടും. ഭൂമിയിലെ ഏറ്റവും വിശുദ്ധങ്ങളായ മൂന്ന് പള്ളികളില്‍ ഒന്നാം സ്ഥാനം മസ്ജിദുല്‍ ഹറാമിനാണ്. അവിടെ വെച്ചുള്ള ഇബാദത്തുകള്‍ക്ക് മറ്റു പള്ളികളില്‍ ചെയ്യുന്നതിനെക്കാള്‍ ലക്ഷക്കണക്കിന് മടങ്ങ് ശ്രേഷ്ഠതയുണ്ട. ബാബുസ്സലാമില്‍ കൂടി വലതുകാല്‍ വെച്ച് പള്ളിയില്‍ പ്രവേശിക്കല്‍ സുന്നത്താണ്.

ബാബുസ്സലാമില്‍ കൂടി പ്രവേശിക്കുമ്പോള്‍ ഈ ദുആ ചെയ്യണം.

اَللّٰهُمَّ اَنْتَ السَّلاَمُ وَمِنْكَ السَّلاَمُ فَحَيِّنَا رَبَّنَا بِالسَّلاَمِ وَاَدْخِلْنَا الْجَنَّةَ دَارَ السَّلاَمِ. تَبَارَكْتَ وَتَعَالَيْتَ يَا ذَا الْجَلاَلِ وَالْإِكْرَامِ. اَللّٰهُمَّ افْتَحْ لِي اَبْوَابَ رَحْمَتِكَ وَمَغْفِرَتِكَ وَاَدْخِلْنِي فِيهَا، بِسْمِ اللهِ وَالْحَمْدُ لِلّٰهِ وَالصَّلاَةُ وَالسَّلاَمُ عَلَى رَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ .

### കഅ്ബ കാണുമ്പോള്‍

മസ്ജിദുല്‍ ഹറാമില്‍ കടന്ന് മുന്നോട്ടുനീങ്ങിയാല്‍ കഅ്ബാ ശരീഫ് ദൃഷ്ടിയില്‍ പെടുകയായി. ഈമാനിക വ്യക്തിത്വമുള്ള മനസ്സുകള്‍ക്ക് അത് വല്ലാത്ത ഒരു അനുഭൂതിയാണ്. ആദ്യമായി കഅ്ബാ ശരീഫ് കണ്‍മുമ്പില്‍ കാണുമ്പോള്‍ സ്വയമറിയാതെ കണ്ണീര്‍ പൊഴിച്ചുപോകുന്നതാണ്. അല്ലാഹുവിന്റെ വിശുദ്ധ ഭവനത്തിനു മുമ്പില്‍ യാതൊരു തടസ്സവുമില്ലാതെ വന്നെത്തിയിരിക്കുന്നു എന്ന ബോധം തെളിയുമ്പോള്‍ എന്തെന്നില്ലാത്ത ആത്മീയ നിര്‍വൃതി അനുഭവപ്പെടുന്നതാണ്. വികാരവിജ്രംഭിതമായ

ഒരു രംഗമാണ് കഅ്ബാദർശനം. കഅ്ബാ ദർശനസമയത്തുള്ള പ്രാർഥനക്ക് ഉത്തരം ലഭിക്കുമെന്ന് ഹദീസിലുണ്ട്.

<u>കഅ്ബാ ദർശനസമയത്തുള്ള പ്രാർഥന</u>

لاَاِلَهَ اِلاَّ اللهُ ، لاَ اِلَهَ اِلاَّ اللهُ ، لاَ اِلَهَ اِلاَّ اللهُ، اَللهُ اَكْبَرْ، اَللهُ اَكْبَرْ، اَللهُ اَكْبَرْ، لاَاِلَهَ اِلاَّاللهُ وَحْدَهُ لاَ شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ الْحَمْدُ وَهُوَ عَلَى كُلِّ شَيئٍ قَدِيرٌ، اَعُوذُ بِرَبِّ الْبَيْتِ مِنَ الْكُفْرِ وَالْفَقْرِ وَمِنْ عَذَابِ الْقَبْرِ وَضِيقِ الصَّدْرِ، اَللَّهُمَّ زِدْ بَيْتَكَ تَشْرِيفًا وَتَكْرِيمًا وَتَعْظِيمًا وَمَهَابَةً وَرِفْعَةً وَبِرًّا وَزِدْ يَا رَبِّ مَنْ شَرَّفَهُ وَكَرَّمَهُ وَعَظَّمَهُ مِمَّنْ حَجَّهُ اَوِاعْتَمَرَهُ تَشْرِيفًا وَتَكْرِيمًا وَتَعْظِيمًا وَمَهَابَةً وَرِفْعَةً وَبِرًّا، اَللَّهُمَّ اَنْتَ السَّلاَمُ وَمِنْكَ السَّلاَمُ فَحَيِّنَا رَبَّنَا بِالسَّلاَمِ، وَ صَلَّى اللهُ عَلَى سَيِّدِنَا مُحَمَّدٍ وَعَلَى آلِهِ وَصَحْبِهِ وَسَلَّمَ

<u>വിശുദ്ധ സംസം</u>

സംസം വെള്ളത്തിന്റെ പുണ്യങ്ങൾ വിവരിച്ചുകൊണ്ടുള്ള നിരവധി ഹദീസുകളുണ്ട്. നബി (സ്വ) പറയുന്നു: “സംസം എന്തുദ്ദേശ്യത്തോടുകൂടി കുടിക്കുന്നുവോ അതിനുള്ളതാണ്. രോഗ ശമനത്തിനായി കുടിച്ചാൽ അല്ലാഹു ശിഫ നൽകും. ദാഹശമനം കരുതി കുടിച്ചാൽ അല്ലാഹു ദാഹം ശമിപ്പിക്കും. വിശപ്പ് തീരാനുദ്ദേശിച്ചു കുടിച്ചാൽ അല്ലാഹു വിശപ്പുതീർക്കും’

(ഇമാം ഹാകിം, ദാറുഖുത്വ്നി).

ത്വവാഫിന്റെ ശേഷമുള്ള സുന്നത്ത് നിസ്കാരം കഴിഞ്ഞാൽ സംസം കുടിക്കൽ വളരെ പുണ്യപ്പെട്ട കാര്യമാണ്. മഹാനായ നബി (സ്വ) അപ്രകാരം ചെയ്തിരുന്നു. സംസം കുടിക്കലും അതുകൊണ്ട് വയറ് നിറയ്ക്കലും എല്ലാവർക്കും എപ്പോഴും സുന്നത്താണ്. സംസം കുടിക്കുന്നത് ഖിബ്‌ലക്ക് അഭിമുഖമായി സദുദ്ദേശ്യങ്ങൾ മനസ്സിൽ കരുതി ബഹുമാന പൂർവ്വമായിരിക്കണം.

സംസം കിണർ കഅ്ബാശരീഫിന്റെ തൊട്ടടു ത്ത് മത്വാഫിൽ തന്നെയാണ് സ്ഥിതി ചെയ്യുന്നത്. സംസം



കിണറിനരികിൽ വെച്ച് പ്രത്യേക നിസ്കാരം സുന്നത്തില്ല. എന്നാൽ പ്രാർഥന ക്കുത്തരം ലഭിക്കുന്ന സ്ഥാനങ്ങളിൽ പെട്ടതാണത്. പക്ഷേ, ത്വവാഫിന് കൂടുതൽ സൗകര്യമുണ്ടാ ക്കുന്നതിന്റെ ഭാഗമായി മതാഫിൽ നിന്ന് സംസം കിണറിലേക്കുള്ള വഴി ഇപ്പോൾ പൂർണമായി അടച്ചിരിക്കുന്നു. സത്യ വിശ്വാസി സംസം വയറുനിറയെ കുടിക്കുമെന്നും കപടന്മാർ കുറച്ചുമാത്രം കുടിച്ച് മതിയാക്കുമെന്നും നബി(സ്വ) പറഞ്ഞിരിക്കുന്നു

<u>ത്വവാഫ്</u>

മക്കയിൽവെച്ച് നിർവഹിക്കപ്പെടുന്ന അമലുകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ത്വവാഫ്. കഅ്ബയെ ഇടതു വശമാക്കി മസ്ജിദുൽ ഹറാമിൽകൂടി കഅ്ബ വലയം ചെയ്യുന്നതിനാണ് ത്വവാഫ് എന്ന് പറയുന്നത്. ഏഴുതവണ കഅ്ബ പ്രദക്ഷിണം വെക്കുമ്പോഴാണ് ഒരു ത്വവാഫ് പൂർത്തിയാകുന്നത്. ഏഴിൽകുറഞ്ഞ പ്രദക്ഷിണം ത്വവാഫായി പരിഗണിക്കപ്പെടുകയില്ല. ഇഹ്റാം ചെയ്തവരും അല്ലാത്തവരും മസ്ജിദുൽ ഹറാമിൽ പ്രവേശിച്ചാലുടൻ ചെയ്യേണ്ടത് ത്വവാഫാണ്. മസ്ജിദുൽ ഹറാമിന്റെ തഹിയ്യത്താണിത്. ഏതു സന്ദർഭവും ത്വവാഫ് ചെയ്യാം. വളരെ ശക്തിപ്പെട്ട സുന്നത്താണ്




ത്വവാഫ്. ഹജ്ജിനും ഉംറക്കും അതിന്റെ ഭാഗമായി ത്വവാഫ് ചെയ്യൽ നിർബന്ധമുണ്ട്. നേർച്ചയാക്കിയാലും ത്വവാഫ് നിർബന്ധമായിത്തീരുന്നതാണ്.

ത്വവാഫിന്റെ ശ്രേഷ്ഠത കുറിക്കുന്ന നിരവധി ഹദീസുകളുണ്ട്. നബി(സ്വ) പറഞ്ഞു; "അല്ലാഹുവിന്റെ ഭവനത്തിങ്കൽ ഹജ്ജ് നിർവഹിക്കാൻ വന്നവർക്ക് അല്ലാഹു ദിനേന നൂറ്റിയിരുപത് റഹ്മത് വർഷിപ്പിക്കും. അതിൽ അറുപത് കാരുണ്യം ത്വവാഫ് ചെയ്യുന്നവർക്കും നാൽപത് നിസ്കരിക്കുന്നർക്കും ഇരുപത് കഅബ നോക്കി നിൽക്കുന്നവർക്കുമാണ്" (ബൈഹഖി). മറ്റൊരു ഹദീസ് ഇപ്രകാരമാണ്. 'ത്വവാഫിൽ ഒരാൾ ഒരു കാൽ ഉയർത്തിത്താഴ്ത്തിയാൽ അവന്റെ പത്തുപാപം പൊറുക്കപ്പെടുന്നതും പത്ത് നന്മകൾ എഴുതപ്പെടുന്നതും പത്ത് പദവികൾ ഉയർത്തപ്പെടുന്നതുമാണ് (അഹ്മദ്, തിർമുദി).

മക്കയിൽ താമസിക്കുമ്പോൾ ത്വവാഫ് പരമാവധി വർധിപ്പിക്കണം. ഹദീസിൽ ഇപ്രകാരം കാണുന്നു. 'കഅ്ബയെ ഒരാൾ അമ്പത് തവണ ത്വവാഫ് ചെയ്താൽ അവൻ മാതാവ് പ്രസവിച്ച നാളിലെപ്പോലെ പാപവിമുക്തനാകുന്ന താണ്'(തിർമുദി).

മസ്ജിദുൽ ഹറാമിൽ പ്രവേശിച്ചാൽ ഉടനെ ത്വവാഫിൽ പ്രവേശിക്കണം. ഫർള് നിസ്കാരം, അവയുടെ ജമാഅത്ത്, മുമ്പും ശേഷവുമുള്ള സുന്നത്ത്, വിത്റ് നിസ്കാരം എന്നിവ നഷ്ടപ്പെട്ടു പോകുമെന്ന് ഭയമുണ്ടെങ്കിൽ അവ നിർവ്വഹിച്ച ശേഷമാണ് ത്വവാഫ് ചെയ്യേണ്ടത്.

ഉംറക്ക് ഇഹ്റാം ചെയ്ത് മക്കയിൽ പ്രവേശിച്ചവർ എത്തിയ ഉടനെ ചെയ്യേത് ഉംറയുടെ നിർബന്ധമായ ത്വവാഫാണ്

## വിവിധ ഇനം തവാഫുകൾ

**ത്വവാഫുൽ ഖുദൂം :** മക്കയിൽ പ്രവേശിച്ചാൽ ആദ്യമായി ചെയ്യുന്ന ത്വവാഫിന് ഖുദൂമിന്റെ ത്വവാഫ് എന്ന് പറയുന്നു. ഇത് സുന്നത്താണ്. ഉംറക്ക് ഇഹ്റാം ചെയ്തവർ എത്തിയ ഉടനെ ചെയ്യേണ്ടത് ഉംറയുടെ നിർബന്ധമായ ത്വവാഫും അറഫയിൽ നിന്ന് ഫറളായ ത്വവാഫിന്റെ സമയം കടന്ന ശേഷം വരുന്നവർ ഹജ്ജിന്റെ ത്വവാഫും ആകയാൽ അതിൽ ഖുദൂം കൂടി ഉൾക്കൊള്ളുന്നത് കൊണ്ട് ഖുദൂമിനായി പ്രത്യേകം ത്വവാഫ് ചെയ്യേണ്ടതില്ല.

**ത്വവാഫുൽ വദാഅ് :** ഇത് മക്കയിൽ നിന്ന് യാത്ര പറയുമ്പോൾ നിർവ്വഹിക്കുന്നതാണ് ഇത് വാജിബാണ്.

**ത്വവാഫുന്നദ്ർ:** കഅ്ബ: ത്വവാഫ് ചെയ്യുവാൻ നേർച്ചയാക്കിയാൽ അത് നിർവ്വഹിക്കൽ നിർബന്ധമായിത്തീരുന്നു. അതിന് പ്രത്യേക സമയം നിർണ്ണിതമില്ല.

**ത്വവാഫ് മുത്വ്ലഖ് :** മക്കയിൽ താമസിക്കുമ്പോൾ സൗകര്യാനുസരണം നിർവ്വഹിക്കുന്ന സുന്നത്തായ ത്വവാഫാണിത്. ഇത് ഏത് സന്ദർഭത്തിലും ചെയ്യാവുന്നതും വളരെ പുണ്യമുള്ളതുമാണ്. ചിലർ ത്വവാഫ് ചെയ്യുമ്പോഴെല്ലാം സ്വഫാ മർവക്കിടയിൽ സഅ്യ് നടത്താറുണ്ട്. ഇത് തെറ്റും അജ്ഞതയുമാണ്.

**ത്വവാഫുൽ ഇഫാള :** ഹജ്ജിന്റെ ഫർളായ ത്വവാഫാണിത് ഇതിന്റെ സമയം ദുൽ ഹജ്ജ് ഒമ്പതിനു അസ്തമിച്ച ശേഷം അറഫയിൽ നിന്നിറങ്ങി രാത്രി പകുതി കഴിഞ്ഞാൽ ആരംഭിക്കുന്നതും മരണം വരെ നിലനിൽക്കുന്നതുമാണ്. ഈ ത്വവാഫ് നിർവ്വഹിക്കാതെ ഹജ്ജ് സ്വഹീഹാവുന്നതല്ല. ഹജ്ജിൽ നിന്ന് പൂർണ്ണവിരാമം ലഭിക്കുകയുമില്ല. മര ണം വരെ സമയമുണ്ടെങ്കിലും ' അയ്യാമുത്തശ്‌രീഖ് " കഴിയുന്നതിനു മുമ്പായി ചെയ്യ ലാണുത്തമം.

ദുൽ ഹജ്ജ് പത്തിന് പ്രഭാതത്തോടെ ' ജംറത്തുൽ അഖബ:യെ എറിഞ്ഞു അറവുണ്ടെങ്കിൽ അതും നിർവഹിച്ച് മുടികളഞ്ഞ് ത്വവാഫുൽ ഇഫാള: നിർവഹിക്കുന്നതാണ് ഉത്തമം.

**ഏതുവിധം ത്വവാഫാണെങ്കിലും സ്വഹീഹാകാൻ ഒമ്പത് കാര്യങ്ങൾ നിർബന്ധമാണ്.**

1. നിയ്യത്ത്

ഹജ്ജിലോ ഉംറയിലോ പെടാത്ത ത്വവാഫിനു മാത്രമേ നിയ്യത്ത് നിർബന്ധമുള്ളൂ. ഏതുവിധം ത്വവാഫാണോ അത് നിയ്യത്തിൽ വ്യക്തമാക്കണം.

ഉംറയുടെയും ഹജ്ജിന്റെയും ഇഹ്റാമോട് കൂടി തന്നെ ത്വവാഫിന്റെ നിയ്യത്ത് ഉൾക്കൊള്ളുന്നു. എങ്കിലും അവക്ക് പ്രത്യേകം നിയ്യത്ത് ചെയ്യൽ സുന്നത്താണ്.

ഉംറയുടെ ത്വവാഫിന്റെ നിയ്യത്ത്

نَوَيْتُ طَوَافَ الْعُمْرَةِ سَبْعَةَ اَشْوَاطٍ لِلَّهِ تَعَالَي

2. നഗ്നത മറക്കുക

പുരുഷന്മാർ മുട്ടുപൊക്കിളിന്റെ ഇടയിലുള്ള സ്ഥലവും സ്ത്രീകൾ മുഖവും മുൻകയ്യും ഒഴികെയുള്ള ഭാഗവും മറക്കൽ നിർബന്ധമാണ്. സ്ത്രീകൾ കാലിന്റെ താഴ്ഭാഗം മറക്കൽ നിർബന്ധമാണ്.

3. ശുദ്ധിപാലിക്കുക

ത്വവാഫ് ചെയ്യുന്ന ആളുടെ ശരീരം, വസ്ത്രം, കയ്യിലുള്ള മറ്റു സാധനങ്ങൾ എന്നിവയെല്ലാം ശുദ്ധിയുള്ളതായിരിക്കണം. ചെറുതും വലുതുമായ അശുദ്ധിയിൽ നിന്ന് മുക്തമാകണം. ത്വവാഫിന്റെ മുഴുവൻ സമയവും വുളൂഅ് ഉണ്ടായിരി ക്കൽ നിർബന്ധമാണ്. ത്വവാഫ് ചെയ്യു ന്നതിനിടയിൽ വുളൂഅ്

മുറിയുകയോ നജസ്സാവുകയോ ചെയ്താൽ ഉടൻ ത്വവാഫ് നിർത്തേണ്ടതാണ്. ശുദ്ധി വരുത്തിയ ശേഷം ബാക്കി ചുറ്റുകൾ പൂർത്തിയാക്കണം. തുടക്കം മുതൽ കൊണ്ടുവരുന്നതാണ് ഉത്തമം.

4. ത്വവാഫ് ഹജറുൽ അസ്‌വദ് മുതൽ ആരംഭിക്കൽ.

മറ്റിടങ്ങളിൽ വെച്ച് തുടങ്ങിയാൽ ഹജറുൽ അസ്‌വദ് എത്തിയത് മുതൽ മാത്രമേ ത്വവാഫായി ഗണിക്കുകയുള്ളൂ.

5. ഏഴുചുറ്റ് പൂർത്തിയാക്കൽ.

ഏഴിൽ താഴെയുള്ള ചുറ്റൽ ത്വവാഫായി സ്വീകരിക്കപ്പെടുകയില്ല. എണ്ണത്തിൽ സംശയമുണ്ടായാൽ കുറഞ്ഞത് പരിഗണിച്ച് ബാക്കി പൂർത്തിയാക്കണം. ത്വവാഫിനുശേഷമുള്ള സംശയം പരിഗണിക്കേണ്ടതില്ല.

6. കഅ്ബയെ ഇടതുവശത്താക്കൽ.

കഅ്ബാശരീഫിനെ ഇടതുവശത്താക്കിത്തന്നെ നടക്കണം. കഅ്ബയുടെ നേർക്ക് തിരിയരുത്. അഥവാ വല്ലപ്പോഴും തിരിഞ്ഞുപോയാൽ അത്രയും ദൂരം പിറകോട്ട് വന്ന് കഅ്ബ ഇടതു വശമാക്കി നടത്തം ആവർത്തിക്കണം.

7. ശരീരം മുഴുവനും കഅ്ബയുടെ പുറത്ത് കൂടിയാകൽ.

ഹിജ്റ് ഇസ്മാഈലിന്റെ ഭാഗം പ്രത്യേകം ഭിത്തികെട്ടി മാറ്റിയിട്ടുണ്ട്. അതിന്റെ അകത്ത് കൂടി ത്വവാഫ് സാധുവാകില്ല. പ്രസ്തുത ഭിത്തിയിലോ ശാദിർവാന്റെ മുകളിലോ കൈ വരുന്ന രൂപത്തിൽ ത്വവാഫ് ചെയ്യരുത്. നിയമ പ്രകാരം അവ കഅ്ബയുടെ ഭാഗമാണ്. ത്വവാഫ് കഅ്ബയുടെ പുറത്താകണം.

8. ത്വവാഫ് മസ്ജിദുൽ ഹറാമിൽ കൂടിയാകൽ

മസ്ജിദുൽ ഹറാമിന്റെ അതിർത്തിക്കു പുറത്തുകൂടി ചുറ്റിയാൽ സ്വഹീഹല്ല. കഅ്ബയെക്കാൾ ഉയർന്ന് പള്ളിയുടെ മുകൾ തട്ടിൽവെച്ചായാലും ഇടയിൽ മറയുണ്ടായാലും വിരോധമില്ല.

9. ത്വവാഫിനുവേണ്ടി ചുറ്റുമ്പോൾ ത്വവാഫല്ലാതെ മറ്റൊരുദ്ദേശ്യവും ഉണ്ടാകാതിരിക്കൽ.

ഉദാഹരണമായി കൂട്ടുകാരിൽ ആരെയെങ്കിലും കണ്ടുപിടിക്കാമെന്ന ഉദ്ദേശ്യത്തോടെയോ, മറ്റൊരാളെ പിന്തുടരുക എന്ന ഉദ്ദേശ്യത്തോടെയോ ആകരുത്.

## ത്വവാഫിന്റെസുന്നത്തുകൾ

1. നടന്നുകൊണ്ട് ത്വവാഫ് ചെയ്യുക:


ഇള്ത്വിബാഅ്

2. ഇള്ത്വിബാഅ്: പുരുഷന്മാർ ധരിക്കുന്ന മേൽമുണ്ടിന്റെ മധ്യം വലത്തെ ചുമലിനു താഴെയും രണ്ട് അറ്റം ഇടത്തേ ചുമലിനു മുകളിലുമാക്കുക. പിറകെ സഅ്‌യ് ചെയ്യാനുള്ള ത്വവാഫിൽ മാത്രമേ ഇത് സുന്നത്തുള്ളൂ. ഇഹ്റാം ചെയ്യുന്ന സമയം മുതൽ ഇത് ആവശ്യമില്ല.

3. റമല് നടത്തം.

അഥവാ കാലുകൾ അൽപം അടുപ്പിച്ച് വെച്ച് ധൃതിയിൽ നടക്കുക. ശേഷം സഅ്‌യുള്ള ത്വവാഫിന്റെ ആദ്യത്തെ മൂന്ന് ചുറ്റുകളിൽ മാത്രമാണ് ഇത് സുന്നത്തുള്ളത്. മറ്റുള്ളവയിൽ സാധാരണ നടത്തമാണ് സുന്നത്ത്. സ്ത്രീകൾക്ക് ഇള്ത്വിബാഉം റമല് നടത്തവും സുന്നത്തില്ല.

4. ഹജറുൽ അസ്‌വദിനെ കൈകൊണ്ട് തൊടുകയും ശബ്ദമില്ലാതെ ചുംബിക്കുകയും നെറ്റിവെക്കുകയും ചെയ്യുക.

ഇവ മൂന്നും സുന്നത്താണ്. ത്വവാഫ് തുടങ്ങുമ്പോഴും ഓരോ ചുറ്റിന്റെ തുടക്കത്തിലും ഇവ ഓരോന്നും ചെയ്യണം. സാധ്യമായില്ലെങ്കിൽ കൈ കൊണ്ട് തൊട്ട് കൈ ചുംബിക്കയും കഴിഞ്ഞില്ലെങ്കിൽ കൈയിലുള്ളത് കൊണ്ട് തൊട്ട് അത് ചുംബിക്കുകയും അതിനും സാധിച്ചില്ലെങ്കിൽ അതിലേക്ക് കൈനീട്ടി കൈ ചുംബിക്കുകയും വേണം. റുക്നുൽയമാനി എന്ന കഅ്ബയുടെ തെക്ക് മൂല കൈകൊണ്ട് തൊട്ടോ കൈ ഉയർത്തി ഇശാറത്താക്കിയോ കൈ മുത്തൽ സുന്നത്താണ്. മുഖം വെച്ച് ചുംബിക്കൽ സുന്നത്തില്ല.

5. സാന്ദർഭികമായ ദിക്റുകളും ദുആയും നടത്തുക.

6. ത്വവാഫുകൾക്കിടയിൽ വിട്ടുപിരിക്കാതെ തുടരെ ചെയ്യുക

കാരണം കൂടാതെ ഇടയിൽവെച്ച് ത്വവാഫ് നിർത്തുന്നത് കറാഹത്താണ്. വുളൂഅ് നഷ്ടപ്പെടുക, ജമാഅത്ത് ആരംഭിക്കുക തുടങ്ങിയ കാരണങ്ങൾക്കു വേണ്ടി ത്വവാഫ് നിർത്തിയാൽ ആരംഭം തൊട്ട് പുതുക്കുന്നതാണുത്തമം. ബാക്കി ചുറ്റൽ പൂർത്തിയാക്കിയാലും സ്വഹീഹാകും.

7. ത്വവാഫിൽ വിനയവും ഭക്തിയും ഹൃദയ സാന്നിധ്യവും പ്രകടമാക്കണം.

ഭക്ഷിക്കുക, കുടിക്കുക, അനാവശ്യ സംസാരങ്ങളിൽ ഏർപ്പെടുക തുടങ്ങിയവ ഉപേക്ഷിക്കേതാണ്.

8. ത്വവാഫ് പൂർത്തിയായാൽ രണ്ട് റക്അത് നിസ്കരിക്കുക.

മഖാമുഇബ്രാഹിമിന്റെ തൊട്ടുപിന്നിൽ മൂന്ന് മുഴം അടുത്തുവെച്ചാണ് ഈ നിസ്കാരം ഏറ്റവും ഉത്തമം. അവിടെ വെച്ച് നിസ്കാരം സാധിച്ചില്ലെങ്കിൽ പിന്നെ ഹിജ്ർ ഇസ്മാഈലിനകത്തും അതിനും കഴിഞ്ഞില്ലെങ്കിൽ മസ്ജിദുൽ ഹറാമിന്റെ മറ്റ് ഭാഗങ്ങളിൽവെച്ചോ ആകാം. മറ്റെവിടെ വെച്ച് നിസ്കരിച്ചാലും സുന്നത്ത് ലഭിക്കും. ത്വവാഫിൽ ഇള്ത്വിബാഅ് സ്വീകരിച്ചവർ നിസ്കാരം ആരംഭിക്കുന്നതിന് മുമ്പ് അതൊഴിവാക്കി ചുമൽ മറക്കും വിധം തട്ടമിടണം. ഈ നിസ്കാരത്തിന് ഇപ്രകാരം നിയ്യത്ത് ചെയ്യാം. “ത്വവാഫിന്റെ രണ്ട് റക്അത് സുന്നത്ത് നിസ്കാരം അല്ലാഹുവിനു വേണ്ടി ഞാൻ നിസ്കരിക്കുന്നു”. ഇത്തരം നിയ്യത്തുകൾ മാതൃ ഭാഷയിൽ മാത്രമായാലും മതിയാകും. ഒന്നാം റക്അതിൽ ഫാതിഹക്കു ശേഷം സൂറതുൽ കാഫിറൂനയും രണ്ടാം റക്അതിൽ സൂറതുൽ ഇഖ്ലാസ്വും ഓതൽ സുന്നത്താണ്. രാത്രിയാണെങ്കിൽ ശബ്ദത്തിൽ ഓതൽ സുന്നത്തുണ്ട്.

## » ദുആകൾ

ത്വവാഫിൽ പ്രത്യേകം ഒരു ദിക്റും ദുആയും നിർബന്ധമില്ല. ഒന്നും മിണ്ടാതെ ചുറ്റൽ പൂർത്തിയാക്കിയാലും ത്വവാഫ് സ്വഹീഹാകും. പൗരാണിക മഹാന്മാർ പരിപാലിച്ചതും ഹദീസിൽ വന്നതുമായ ദിക്റ് ദുആകൾ ചെയ്യുന്നത് വളരെ ഉത്തമമാണ്. പ്രാർഥനക്ക് ഉത്തരം ലഭിക്കുന്ന പ്രധാന സ്ഥല സന്ദർഭമാണ് ത്വവാഫ്. കൂടാതെ മാതൃ ഭാഷയിൽ അവനവന്റെ ആവശ്യങ്ങൾ പറയുകയോ അറിയാവുന്ന ദിക്റുകൾ ചൊല്ലുകയോ വിശുദ്ധ ഖുർആൻ പാരായണം നടത്തുകയോ ചെയ്യാം.

ഓരോ ചുറ്റിലും ഹജറുൽഅസ്വദിന് നേരെ കൈ ഉയർത്തി ആംഗ്യം കാണിച്ച്

بِسْمِ اللهِ اَللهُ اَكْبَرْ ചൊല്ലി കൈചുംബിക്കുകയും ത്വവാഫിന്റെ തുടക്കത്തിൽ

اَللّٰهُمَّ اِيمَانًا بِكَ وَتَصْدِيقًا بِكِتَابِكَ وَوَفَاءًا بِعَهْدِكَ وَاتِّبَاعًا لِسُنَّةِ نَبِيِّكَ مُحَمَّدٍ صَلَّى اللهُ عَلَيْهِ وَسَلَّمْ

എന്നും മുൽതസമിന് നേരെ എത്തുമ്പോൾ

اَللّٰهُمَّ اِنِّي اَسْأَلُكَ ثَوَابَ الشَّاكِرِينَ وَنُزُلَ الْمُقَرَّبِينَ وَمُرَافَقَةَ النَّبِيِّينَ وَيَقِينَ الصَّادِقِينَ وَذِلَّةَ الْمُتَّقِينَ وَاِخْبَاتَ الْمُوقِنِينَ حَتَّى تَتَوَفَّانِي عَلَى ذٰلِكَ يَا اَرْحَمَ الرَّاحِمِينَ

എന്നും വാതിലിന് നേരേ എത്തുമ്പോൾ

اَللَّهُمَّ اِنَّ هَذَا الْبَيْتَ بَيْتُكَ وَالْحَرَمَ حَرَمُكَ وَالْأَمْنَ اَمْنُكَ وَهَذَا مَقَامُ الْعَائِذِ بِكَ مِنَ النَّارْ فَحَرِّمْ لُحُومَنَا وَبَشَرَتَنَا عَلَى النَّارْ

എന്നും റുകുനുൽ ഇറാഖിക്ക് നേരേ എത്തുമ്പോൾ

اَللَّهُمَّ اِنِّي اَعُوذُبِكَ مِنَ الشَّكِّ وَالشِّرْكِ وَالنِّفَاقِ وَالشِّقَاقِ وَسُوءِ اْلأَخْلَاقِ وَسُوءِ الْمَنْظَرِ فِي اْلاَهْلِ وَاْلمَالِ وَالْوَلَدْ

എന്നും മീസാബ് (സ്വർണപ്പാത്തി) ക്ക് നേരേ എത്തുമ്പോൾ

اَللَّهُمَّ اَظِلَّنِي فِي ظِلِّكَ يَوْمَ لاَ ظِلَّ اِلاَّ ظِلُّكَ وَاسْقِنِي بِكَأْسِكَ مُحَمَّدٍ صلى الله عليه وسلم شُرْبَةً هَنِيئَةً لاَ اَظْمَأُ بَعْدَهَا اَبَدًا يَا ذَا الْجَلَالِ وَاْلإِكْرَامْ اَللَّهُمَّ اِنِّي اَسْئَلُكَ الرَّاحَةَ عِنْدَ الْمَوْتِ وَالْعَفْوَ عِنْدَ الْحِسَابْ

എന്നും ഓരോചുറ്റിലും

(1)

اَللَّهُمَّ اِنِّي اَسْأَلُكَ الْعَفْوَ وَالْعَافِيَةَ وَالْمُعَافَاةَ اَالدَّائِمَةَ فِي الدِّينِ وَالدُّنْيَا وَاْللآخِرَةِ وَالْفَوْزَ بِالْجَنَّةِ وَالنَّجَاةَ مِنَ النَّارِ

(2)

اَللَّهُمَّ حَبِّبْ اِلَيْنَا اْلايمَانَ وَزَيِّنْهُ فِي قُلُوبِنَا وَ كَرِّهْ اِلَيْنَا الْكُفْرَ وَالْفُسُوقَ وَالْعِصْيَانَ وَاجْعَلْنَا مِنَ الرَّاشِدِينَ اَللَّهُمَّ قِنِي عَذَابَكَ يَوْمَ تَبْعَثُ عِبَادَكَ اَللَّهُمَّ ارْزُقْنِي الْجَنَّةَ بِغَيْرِ حِسَابٍ.

(3)

اَللَّهُمَّ اِنِّي اَسْأَلُكَ رِضَاكَ وَالْجَنَّةَ وَأَعُوذُ بِكَ مِنْ سَخَطِكَ وَالنَّارِ اَللَّهُمَّ اِنِّي أَعُوذُ بِكَ مِنْ فِتْنَةِ الْقَبْرِ مِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ.

(4)

اَللَّهُمَّ اجْعَلْهَا عُمْرَةً مَبْرُورَةً وَسَعْيًا مَشْكُورًا وَذَنْبًا مَغْفُورًا وَعَمَلًا صَالِحًا مَقْبُولًا وَتِجَارَةً لَن تَبُورَ يَا عَالِمَ مَا فِي الصُّدُورِ أَخْرِجْنِي يَا أَللهُ مِنَ الظُّلُمَاتِ اِلَى النُّورِ اَللَّهُمَّ اِنِّي اَسْأَلُكَ مُوجِبَاتِ رَحْمَتِكَ وَعَزَائِمَ مَغْفِرَتِكَ وَالسَّلَامَةَ مِنْ كُلِّ اِثْمٍ وَالْغَنِيمَةَ مِنْ كُلِّ بِرٍّ وَالْفَوْزَ بِالْجَنَّةِ وَالنَّجَاةَ مِنَ النَّارِ رَبِّ قَنِّعْنِي بِمَا رَزَقْتَنِي وَبَارِكْ لِي فِيمَا أَعْطَيْتَنِي وَأَخْلُفْ عَلَى كُلِّ غَائِبَةٍ لِي مِنْكَ بِخَيْرٍ.

(5)

اَللّٰهُمَّ اِنِّي اَسْأَلُكَ مَا سَأَلَكَ مِنْهُ نَبِيُّكَ سَيِّدِنَا مُحَمَّدٍ صَلَّى اللهُ عَلَيْهِ وَسَلَّمَ وَأَعُوذُ بِكَ مِنْ شَرِّ مَا اسْتَعَاذَكَ مِنْهُ نَبِيُّكَ سَيِّدِنَا مُحَمَّدٍ صَلَّى اللهُ عَلَيْهِ وَسَلَّمَ اَللّٰهُمَّ اِنِّي اَسْأَلُكَ الْجَنَّةَ وَنَعِيمَهَا وَمَا يُقَرِّبُنِي اِلَيْهَا مِنْ قَوْلٍ أَوْ فِعْلٍ أَوْعَمَلٍ اَللّٰهُمَّ اِنِّي أَعُوذُ بِكَ مِنَ النَّارِ وَمَا يُقَرِّبُنِي اِلَيْهَا مِنْ قَوْلٍ أَوْ فِعْلٍ أَوْعَمَلٍ

(6)

اَللّٰهُمَّ اِنَّ لَكَ عَلَيَّ حُقُوقًا كَثِيرَةً فِيمَا بَيْنِي وَبَيْنَكَ وَحُقُوقًا كَثِيرَةً فِيمَا بَيْنِي وَبَيْنَ خَلْقِكَ اَللّٰهُمَّ مَا كَانَ لَكَ مِنْهَا فَاغْفِرْهُ لِي وَمَا كَانَ لِخَلْقِكَ فَتَحَمَّلْهُ عَنِّي وَاغْنِنِي بِحَلَالِكَ عَنْ حَرَامِكَ وَبِطَاعَطِكَ عَنْ مَعْصِيَتِكَ وَبِفَضْلِكَ عَمَّنْ سِوَاكَ يَا وَاسِعَ الْمَغْفِرَةِ اَللّٰهُمَّ اِنَّ بَيْتَكَ عَظِيمٌ وَوَجْهَكَ كَرِيمٌ وَأَنْتَ يَا أَللّٰهُ حَلِيمٌ كَرِيمٌ تُحِبُّ الْعَفْوَ فَاعْفُ عَنِّي.

(7)

اَللّٰهُمَّ اِنِّي اَسْأَلُكَ اِيمَانًا كَامِلًا وَيَقِينًا صَادِقًا وَرِزْقًا وَاسِعًا وَقَلْبًا خَاشِعًا وَلِسَانًا ذَاكِرًا وَحَلَالاً طَيِّبًا وَتَوْبَةً نَصُوحًا وَتَوْبَةً قَبْلَ الْمَوْتِ وَرَاحَةً عِنْدَ الْمَوْتِ وَمَغْفِرَةً وَرَحْمَةً بَعْدَ الْمَوْتِ وَالْعَفْوَ عِنْدَ الْحِسَابِ وَالْفَوْزَ بِالْجَنَّةِ وَالنَّجَاةَ مِنَ النَّارِ بِرَحْمَتِكَ يَا عَزِيزُ يَا غَفَّارُ رَبِّ زِدْنِي عِلْمًا وَأَلْحِقْنِي بِالصَّالِحِينَ.

എന്നും റുക്നുൽ യമാനിയുടെയും റുക്നുൽ അസ്‌വദിന്റെയും ഇടയിൽ

اَللّٰهُمَّ رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارْ وَ أَدْخِلْنَا الْجَنَّةَ مَعَ الْأَبْرَارِ يَا عَزِيزُ يَا غَفَّارُ يَا رَبَّ الْعَالَمِينَ

എന്നും ചൊല്ലുക.

അതിന് സാധിക്കുന്നില്ലെങ്കിൽ ത്വവാഫിലുടീളം ഇപ്രകാരം ചൊല്ലാം

سُبْحَانَ اللهِ وَالْحَمْدُ ِللهِ وَلاَاِلَهَ اِلَّااللّٰهُ وَاللّٰهُ اَكْبَرْ وَلَا حَوْلَ وَلَا قُوَّةَ اِلاَّ بِاللهِ الْعَلِيِّ الْعَظِيمِ رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارْ

പുരുഷന്മാർ കഅ്ബാശരീഫിന്റെ കഴിയുന്നത്ര അടുത്തുകൂടിയും സ്ത്രീകൾ കഅ്ബ വിട്ട് അകന്ന് പുരുഷന്മാരുമായി കലരാതെയും ത്വവാഫ് ചെയ്യലാണ് സുന്നത്ത്. തിരക്കുള്ള സന്ദർഭങ്ങളിൽ ത്വവാഫ് ചെയ്യുന്ന വർക്ക് തടസ്സം സൃഷ്ടിക്കും വിധം മഖാമു ഇബ്രാഹിമിനു തൊട്ടടുത്തുവെച്ച് നിസ്കരിക്കാതെ മറ്റു സ്ഥലത്ത് വെച്ച് നിസ്കരിക്കുകയാണ് വേണ്ടത്. അവിടെവെച്ച് നിസ്കരിക്കുമ്പോൾ, പലപ്പോഴും തിക്കിൽപ്പെട്ട് നിസ്കാരം നഷ്ടപ്പെട്ടു പോകാറുണ്ട്. ത്വവാഫിന്റെ സുന്നത്ത് നിസ്കാര ശേഷം മനമുരുകി പ്രാർഥിക്കുക.

### മഖാമു ഇബ്രാഹിമിലെ പ്രാർഥന

